മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ ജനജീവിതത്തെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നം. എനിക്ക് ഒരപേക്ഷ അങ്ങയുടെ മുമ്പിൽ വയ്ക്കാനുണ്ട്. ചോദ്യങ്ങൾ വന്നാൽ അത് ബന്ധപ്പെട്ട മന്ത്രിമാർക്ക് കൈമാറണം. അതിന് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയണം. മറുപടിയിൽ അവർക്ക് അറിയാത്ത കാര്യങ്ങൾ അറിയില്ല എന്നു പറയണം. ഇതൊരു തമാശയായി കണക്കാക്കാനുള്ളതല്ല. കടലിൽനിന്നും വെള്ളം എടുത്ത് ശുദ്ധജലം എത്തിക്കുന്നതിനും അതിനുമുമ്പ് തിരമാലകളിൽനിന്നും വൈദ്യുതി ഉണ്ടാക്കുന്ന കാര്യവുമാണ്. ഇതിനെക്കുറിച്ച് വൈദ്യുതി മന്ത്രിക്ക് മറുപടി പറയാം : ഇത് ആദ്യമല്ലല്ലോ. വൈദ്യുതി മന്ത്രി ടൂറിസം തുടങ്ങിയിട്ടില്ലേ, ഉണ്ടല്ലോ. വൈദ്യുതി മന്ത്രി ടൂറിസം നടത്തുന്നുണ്ട്. ഇല്ലേ ? അതുകൊണ്ട് ശുദ്ധജലം എത്തിക്കുന്ന കാര്യം അങ്ങ് ചെയ്യണമെന്നല്ല പറഞ്ഞത്. ചോദ്യം തന്നാൽ മെമ്പർമാർക്ക് സഭയിൽ വ്യക്തമായ ഉത്തരം കിട്ടണം. കോൺട്രഡിക്ടറിയായ മറുപടികൾ ഒരേ കാര്യത്തിൽ മന്ത്രിമാർ സഭയിൽ പറയാൻ പാടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ശരിയായ മറുപടി ഞങ്ങൾക്ക് ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ അങ്ങ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഈ ചോദ്യം ചോദ്യകർത്താക്കൾ ചോദിച്ചിരിക്കുന്നത് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോടാണ്. അതുകൊണ്ട് ഇവിടെനിന്ന് ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രിക്കാണ് ചോദ്യം അയച്ചു കൊടുത്തത്. പക്ഷേ, ഇവിടെ ഈ ചോദ്യത്തിന്റെ മറ്റ് വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ അതിന് ഉത്തരം പറയേണ്ടത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. സി. കബീർ ആണ് എന്ന് മനസ്സിലാക്കിയിട്ട് അങ്ങോട്ട് ട്രാൻസ്ഫർ ചെയ്തു കൊടുത്തു. അങ്ങനെയാണ് അദ്ദേഹം മറുപടി പറഞ്ഞത്. ഈ ചോദ്യം എന്നു പറയുന്നത് വൈദ്യുതിയെ സംബന്ധിച്ചല്ല. തിരമാലകളിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് കടൽവെള്ളം ശുദ്ധീകരിക്കുന്നതാണ് ചോദ്യം. വൈദ്യുതിയല്ല. അതുകൊണ്ടാണ് ഇങ്ങനെ വന്നത്. രണ്ടുമൂന്നു മന്ത്രിമാർ എന്ന നിലയിലൊരു പ്രതീതി ഉണ്ടായത്. അതാണ് സംഭവിച്ചത്. കൂടുതൽ പരിശോധിക്കണമെന്നു പറഞ്ഞതിനോട് യോജിക്കുന്നുണ്ട്. കൂടുതൽ പരിശോധിച്ച് വ്യക്തമായ മറുപടി ആധികാരികമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

തോട്ടം മേഖലകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

3 (*33) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ തോട്ടം മേഖലകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ വിവിധ തോട്ടം മേഖലകളിലെ സ്ഥിര താൽക്കാലിക തൊഴിലാളികൾക്ക് ശമ്പളം, ചെലവ് കാശ്, എന്നിവ യഥാസമയം തോട്ടമുടമകൾ നൽകാതിരിക്കുന്ന പ്രവണത ഉള്ളതായി അറിവുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം തോട്ടമുടമകളാണ് ശമ്പളവും മറ്റും നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) തോട്ടം തൊഴിലാളികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) എസ്റ്റേറ്റുകളോടനുബന്ധിച്ചുള്ള ആശുപത്രികളിൽ സ്ഥിരം ഡോക്ടർമാരുടെ സേവനം ലഭ്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഏതെല്ലാം എസ്റ്റേറ്റ് ആശുപത്രികളിലാണ് സ്ഥിരം ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാതായുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) തിരുവനന്തപുരം ജില്ലയിലെ ബോണക്കാട്, പൊൻമുടി, ബ്രൈമൂർ തേയില തോട്ടങ്ങളിലെ തൊഴിലാളികൾക്കുള്ള ശമ്പള കുടിശ്ശിക മറ്റാനുകൂല്യങ്ങൾ എന്നിവ നൽകിയതായി അറിവുണ്ടോ ;

(ജി) പ്രസ്തുത തോട്ടങ്ങളിലെ തൊഴിലാളികൾക്ക് പ്രഖ്യാപിച്ച സൗജന്യറേഷൻ തുടർന്നും നൽകാൻ നടപടി സ്വീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ജസ്റ്റിസ് എം.പി.മേനോൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടായിരുന്നു. തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിച്ച് അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, അവരുടെ ആവലാതികളും ആവശ്യങ്ങളും പരിശോധിച്ച് ആവശ്യമായ നിർദ്ദേശം സമർപ്പിക്കുക, വേതനഘടന പഠിച്ച് പുതിയ വേതനനിരക്ക് നിശ്ചയിക്കുക, പ്ലാന്റേഷൻ ലേബർ ആക്ടിൽ ആവശ്യമെങ്കിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശം സമർപ്പിക്കുക എന്നിവയായിരുന്നു കമ്മീഷന്റെ പരാമർശ വിഷയങ്ങൾ.

(ബി) ഉണ്ട്.

(സി) മഹാവീർ പ്ലാന്റേഷനിലെ ബോണക്കാട് എസ്റ്റേറ്റ്, കൊല്ലം ജില്ലയിലെ അച്ചൻകോവിലിൽ പ്രിയ എസ്റ്റേറ്റ് പൊൻമുടി ടീ എസ്റ്റേറ്റ് ബ്രൈമൂർ എസ്റ്റേറ്റ് എന്നീ തോട്ടമുടമകളാണ് വീഴ്ചവരുത്തിയിട്ടുള്ളത്.

(ഡി) പ്ലാന്റേഷൻ ലേബർ ആക്റ്റ് പ്രകാരമുള്ള ഗാർഡൻ ഹോസ്പിറ്റൽ, ഗ്രൂപ്പ് ഹോസ്പിറ്റൽ, ഗ്രൂപ്പ് ഹോസ്പിറ്റൽ, ഡിസ്പെൻസറികൾ എന്നിവ പ്രവർത്തിച്ചു വരുന്നു. ഡിസ്പെൻസറികളിൽ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്നതരത്തിലുള്ള ചികിത്സ ഉപകരണങ്ങളും മരുന്നുകളും കരുതുന്നുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിലെ ഒത്തുതീർപ്പ് വ്യവസ്ഥകൾ പ്രകാരം ശമ്പളകുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകാം എന്ന് മാനേജ്മെന്റ് സമ്മതിച്ചിരുന്നു. എന്നാൽ ഈ ഉറപ്പുകൾ പാലിക്കപ്പെട്ടില്ല.

(ജി) പരിശോധിക്കുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി : ബ്രൈമൂറിലെ തൊഴിലാളികൾക്ക് മിനിമംകൂലി പോലും ലഭിക്കാത്ത സാഹചര്യത്തിൽ അവർക്ക് മിനിമംകൂലി നൽകാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അത് പരിശോധിക്കുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി : നിരവധി മാസങ്ങളായി ലോക്കൗട്ട് ചെയ്തിട്ടുള്ള പൊൻമുടി തോട്ടം തുറന്നു പ്രവർത്തിപ്പിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? തോട്ടം പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പൊൻമുടിയിലെ തൊഴിലാളികൾക്ക് സ്ഥിരമായി സൗജന്യറേഷനും ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി വീടും മറ്റ് ആനുകൂല്യങ്ങളും നൽകാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : പൊൻമുടി എസ്റ്റേറ്റ് തുറക്കുന്നതിന് പല പ്രാവശ്യമായി പല നടപടികളും സ്വീകരിച്ചിരുന്നു. ഗവൺമെന്റ് പല പ്രാവശ്യം കോൺഫറൻസ് വിളിച്ചുകൂട്ടി പല തീരുമാനങ്ങളും എടുത്തു. അതൊന്നും നടപ്പാക്കാൻ ആ എസ്റ്റേറ്റ് ഉടമ സാമ്പത്തിക വൈഷമ്യംമൂലം തയ്യാറായില്ല.

ശ്രീ. വി. കെ. ചന്ദ്രൻ : തോട്ടം മേഖലയിലെ തൊഴിലാളികളുടെ വീടുകൾ വളരെ പഴകിയതും വാസയോഗ്യമല്ലാത്തതുമാണ്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഇവ പുതുക്കിപ്പണിയുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ.എൽ.സി.യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇ.എൽ.സി.യും കാലാകാലങ്ങളിൽ ചർച്ചകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ : കേരളത്തിലെ തോട്ടം മേഖലയിൽ വളരെക്കൂടുതൽ ചെറുകിട നാമമാത്ര തോട്ടം ഉടമകൾ ഉണ്ട്. ഇത്തരം ചെറുകിട നാമമാത്രതോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സേവന-വേതന വ്യവസ്ഥ പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഇത്തരം തൊഴിലാളികൾക്ക് അത് ലഭ്യമാകുന്നില്ല. ഇത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ചെറുകിട തോട്ടം ആയാലും മറ്റ് തോട്ടം ആയാലും തൊഴിലാളികൾക്ക് ലഭിക്കേണ്ട നിയമപരമായ ആനുകൂല്യങ്ങൾ നിഷേധിച്ചാൽ അതിന് നിയമപരമായിത്തന്നെ കാലാകാലങ്ങളിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ചെറുകിട തോട്ടം തൊഴിലാളികളെ സംരക്ഷിക്കാനാണ് ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ഉണ്ടാക്കിയിട്ടുള്ളത്. തൊഴിലാളികളുടെ നിയമപരമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്നു എന്നു ബോധ്യപ്പെട്ടാൽ നിയമപരമായി ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : തൊഴിലാളികളുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാസങ്ങളായി നൽകാതിരിക്കുകയും ഇതു സംബന്ധിച്ച് തീരുമാനങ്ങൾ നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത സഹകാര്യ മേഖലയിൽ വളരെ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ആകെ ശ്രദ്ധപിടിച്ചുപറ്റിയ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിൽ പ്രശ്നത്തിൽ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനം പോലും നടപ്പിലാക്കിയിട്ടില്ല. ഇങ്ങനെ തീരുമാനം നടപ്പിലാക്കാത്ത മാനേജ്മെന്റുകൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ബോണക്കാട്ട് മാത്രമല്ല നേരത്തെ ഇവിടെ തന്നിട്ടുള്ള ലിസ്റ്റിൽ പറഞ്ഞിട്ടുള്ള പോലെ പല ഫാക്ടറികളും നിയമ നിഷേധം നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പല തോട്ടങ്ങളും മാനേജ്മെന്റ് ഉപേക്ഷിച്ചു പോയിരിക്കുന്നു. അവർ എവിടെയാണെന്നു പോലും അറിയുകയില്ല. നാട് വിട്ട് ബംഗാളിലും കൽക്കട്ടയിലും ബോംബെയിലും പോയി താമസിക്കുന്ന പല തോട്ടം ഉടമകളുമുണ്ട്. പല പ്രാവശ്യം ചർച്ചകൾ നടത്തി തീരുമാനങ്ങളെടുത്തിട്ടും നടപ്പിലാക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. നിയമപരമായി ഒട്ടേറെ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ താമസിക്കുന്ന ഒട്ടേറെ ആളുകളും നിയമനിഷേധം നടത്തുന്നുണ്ട്. അവരുടെ പേരിലും ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : ലേബർ ആക്ടിന്റെ പരിധിയിൽ വരാത്ത ഏതെങ്കിലും തൊഴിൽ മേഖലയുണ്ടോ. അവരെ ഈ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ലേബർ ആക്ടിന്റെ കീഴിൽ വരാത്ത ഒരു വ്യവസായ ശാലയും കേരളത്തിൽ ഇല്ല.

ശ്രീ. ജി. കാർത്തികേയൻ : ബോണക്കാട് മഹാവീർ തേയിലത്തോട്ടത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. ഈ നിയമസഭയിലെ ശ്രീ. പിരപ്പൻകോട് മുരളി, ശ്രീ. പാലോട് രവി എന്നിവരടങ്ങുന്ന നിയമസഭാ സാമാജികരുടെ സാന്നിദ്ധ്യത്തിൽ അങ്ങുതന്നെ വ്യക്തിപരമായ താല്പര്യമെടുത്തു വിളിച്ചുകൂട്ടിയെടുത്ത തീരുമാനങ്ങളുണ്ട്. അവയൊന്നും നടപ്പിലാക്കുന്നില്ല. പട്ടിണി മരണം നടക്കുന്നു. പല തോട്ടം തൊഴിലാളികളും നാട് വിട്ടു പോകുന്നുവെന്ന് അങ്ങു തന്നെ ഇവിടെ പറഞ്ഞു. പട്ടിണിയും ദാരിദ്ര്യവും അടക്കം ധാരാളം പ്രശ്നങ്ങളുണ്ട്. മാനേജ്മെന്റ് ചർച്ചക്ക് വരാനും തീരുമാനങ്ങൾ നടപ്പിലാക്കാനും തയ്യാറല്ല. അങ്ങയുടെ സാന്നിദ്ധ്യത്തിലെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഇത് ഗവൺമെന്റ് ഏറ്റെടുക്കാൻ തയ്യാറാകുമോ : അതുവരെ അവിടെയുള്ള തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞത് സൗജന്യറേഷൻ എങ്കിലും കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇത്തരം സ്ഥാപനങ്ങൾ അനിശ്ചിതമായി നിന്നു പോയാൽ ഗവൺമെന്റ് ആ കാര്യങ്ങളെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ടിവരും. റേഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : തോട്ടം മേഖല ഗൗരവമായ പ്രതിസന്ധിയിലാണ്. ആഗോളവൽക്കരണ ഉദാരവൽക്കരണ നയത്തിന്റെ ഫലമായി തോട്ടം മേഖലയിലെ ഉല്പന്നങ്ങളാണ് വ്യാപകമായി ഇറക്കുമതി ചെയ്യുന്നത്. ഇറക്കുമതി കാരണം നീലഗിരി തോട്ടത്തിലെ തൊഴിലാളികൾ പട്ടിണിയിലാണ്. അതുപോലെ തന്നെ കാപ്പിയും തേയിലയുമൊക്കെ ഇറക്കുമതി ചെയ്യുന്നതുകൊണ്ട് വയനാട്ടിൽ ഗുരുതരമായ പ്രതിസന്ധിയുണ്ട്. ഈ ഗുരുതരമായ പ്രശ്നങ്ങൾ ആധാരമാക്കി ഈ ഇറക്കുമതി നയം അവസാനിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഗവൺമെന്റ് ലെവലിൽ മാത്രമല്ല രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയൻ സംഘടനകളുമൊക്കെ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയം കൊണ്ട് തേയില, കാപ്പി തുടങ്ങിയ നാണ്യവിളകളടങ്ങുന്ന എല്ലാ കാർഷിക മേഖലകളും സ്തംഭനത്തിലാണ്. എല്ലാ രാഷ്ട്രീയ കക്ഷികളും യോജിച്ച് കേന്ദ്ര നയത്തിനെതിരെ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : തൊഴിൽ നിയമങ്ങളിൽ ലേബർ വെൽഫെയറിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ ഊന്നൽ കൊടുക്കുന്ന നിയമം പ്ലാന്റേഷൻ ലേബർ ആക്ടാണ്. പക്ഷേ, ഇത് നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാനം ഏറ്റവും ദുർബലവുമാണ്. പ്രധാനമായും തൊഴിലാളികൾ ജീവിക്കുന്ന കോളനികളിൽ കാര്യമായ പരിഷ്ക്കാരം വന്നിട്ടില്ല. അതുപോലെ തന്നെയാണ് ആരോഗ്യപ്രശ്നവും. പ്ലാന്റേഷൻ ലേബർ ഇൻസ്പെക്ടർമാരാണ് ഇൻസ്പെക്ഷൻ നടത്തേണ്ടത്. അവർ ഇൻസ്പെക്ഷൻ നടത്തുന്നില്ല. പ്ലാന്റേഷൻ ലേബർ ആക്ട് ഇംപ്ലിമെന്റ് ചെയ്യുന്നത് വളരെ മോശമായിട്ടാണ്. പ്ലാന്റേഷൻ ലേബർ ഇൻസ്പെക്ടർമാർ തോട്ടത്തിൽ വരുന്ന സമയത്ത് അവിടുത്തെ ട്രേഡ് യൂണിയൻകാർ അവരെ വന്നു കാണുന്നില്ല. എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്താൻ ആലോചിച്ചിട്ടുണ്ടോ ; അതിന്റെ പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഈ ബുദ്ധിമുട്ടുകൾ ശക്തമായ ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തുന്ന തോട്ടം മേഖലയിൽ കുറവാണ്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി ബന്ധപ്പെട്ട് എങ്ങനെ എൻഫോഴ്സ് ചെയ്യാം എന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്. കശുവണ്ടി മേഖലയിൽ കഴിഞ്ഞ പ്രാവശ്യം ഒരു പരീക്ഷണം നടത്തിയിട്ടുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥന്മാർ, എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥന്മാർ, ട്രേഡ് യൂണിയൻ നേതാക്കന്മാർ എന്നിവരെ ഉൾപ്പെടുത്തി തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആ നിലയിൽ തോട്ടം മേഖലയിലും ഇത് എൻഫോഴ്സ് ചെയ്യുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. ബാലൻ വൈദ്യർ : വ്യവസായ മേഖലയും തോട്ടം മേഖലയും വൻപിച്ച പ്രതിസന്ധി നേരിടുകയാണ്. ഇൻഡ്യയിലെ ഏറ്റവും വലിയ കുത്തക മുതലാളിമാരുടെ നേതൃത്വത്തിലുള്ള ടീ എസ്റ്റേറ്റുകളുടെ കാര്യം പ്രതിപക്ഷത്തുള്ള ഒരു ട്രേഡ് യൂണിയൻ നേതാവ് ഇന്നലെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതീവ ഗൗരവമായി കൈകാര്യം ചെയ്യേണ്ട പ്രശ്നമാണിത്. എല്ലാ ട്രേഡ് യൂണിയനിലുംപെട്ട ആളുകളേയും വിളിച്ചുകൂട്ടി ഉദാരവൽക്കരണത്തിന്റെ ഫലമായി വന്നിരിക്കുന്ന ആപത്തിനെ തരണം ചെയ്യുന്നതിനെപ്പറ്റി ആലോചിക്കണം. പ്രതിപക്ഷ നേതാക്കന്മാരെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കാൻ ഗവൺമെന്റ് പ്രത്യേക സമീപനം സ്വീകരിക്കണം.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളും നമ്മുടെ സംസ്ഥാനത്തെ ട്രേഡ് യൂണിയൻ സംഘടനകളും ചേർന്ന് കാലാകാലങ്ങളിൽ ഇക്കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അവർ ബോധവാന്മാരാണ്. അതിന്റെ അടിസ്ഥാനത്തിൽ അവർ പല നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പാലോട് രവി : സർ, തോട്ടങ്ങൾ സ്ഥിതി ചെയ്യുന്ന മേഖല ഓരോ പഞ്ചായത്ത് വാർഡുകളാണ്. കഴിഞ്ഞ എത്രയോ വർഷങ്ങളായി കോടിക്കണക്കിന് രൂപ സംസ്ഥാന ഗവൺമെന്റിന്റേയും കേന്ദ്ര ഗവൺമെന്റിന്റേയും ഖജനാവിലേക്ക് ടാക്സ് ഇനത്തിലും ഡ്യൂട്ടിയിനത്തിലും കിട്ടിയിട്ടുണ്ട്. ഈ പ്രദേശങ്ങളുടെ വികസനത്തിന്, കുടിവെള്ളത്തിന്റെ കാര്യമായാലും ആശുപത്രിയുടെയും വീടിന്റെയും കാര്യത്തിലായാലും എസ്റ്റേറ്റ് മാനേജ്മെന്റ് കൊടുക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഗവൺമെന്റ് ഒഴിഞ്ഞുമാറുകയാണ്. കോടിക്കണക്കിന് രൂപ വരുമാനം ഉണ്ടാക്കുന്ന പ്രദേശം എന്ന നിലയിൽ ബ്രൈമൂർ, ബോണക്കാട്, പൊൻമുടി എന്നീ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് റേഷൻ വിതരണം ചെയ്യാൻ അങ്ങ് മുഖ്യമന്ത്രിയുമായി ഇന്നുതന്നെ ആലോചിച്ച് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. എളമരം കരീം : തോട്ടം തൊഴിലാളികൾക്ക് പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്തതിനെ സംബന്ധിച്ച് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ പറഞ്ഞു. അതിന്റെ തുടർച്ചയെന്നുള്ള നിലയിൽ തോട്ടങ്ങളിലെ ഡിസ്പെൻസറികളിൽ ക്വാളിഫൈഡ് ഡോക്ടർമാർ ഉണ്ടാകാറില്ല എന്ന ആക്ഷേപം ട്രേഡ് യൂണിയനുകളുടെ ഭാഗത്തു നിന്ന് ഉണ്ടാകാറുണ്ട്. തോട്ടങ്ങളിൽ ഇപ്പോഴുള്ള സ്റ്റാഫിനെ സംബന്ധിച്ചും ക്വാളിഫൈഡ് ഡോക്ടർമാരുടെ അപര്യാപ്തതയെക്കുറിച്ചും അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : പ്ലാന്റേഷൻ ലേബർ ആക്ടിലെ സെക്ഷൻ 10-ലെ 33, 34 ചട്ടങ്ങൾ പ്രകാരം ഗാർഡൻ ഹോസ്പിറ്റൽ, ഗ്രൂപ്പ് ഹോസ്പിറ്റൽ ഡിസ്പെൻസറികൾ എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. അങ്ങനെ സ്ഥാപിക്കാത്ത പ്ലാന്റേഷനിലെ ഉടമകൾക്കെതിരെ ആക്ടിന്റെ ലംഘനം സംബന്ധിച്ച്

കേസ് എടുക്കുന്നുണ്ട്. പ്ലാന്റേഷൻ ലേബർ ആക്ടിലെ റൂൾ 35 പ്രകാരം ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ഡിസ്പെൻസറികളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ചികിത്സാ ഉപകരണങ്ങളും ചികിത്സയും കൊടുക്കുന്നുണ്ട്. ഇത് നിഷേധിക്കുന്ന സ്ഥലങ്ങളിൽ ആക്ടിന്റെ ലംഘനത്തിന് നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. ഇ. എം. അഗസ്തി : ഇടുക്കി ജില്ലയിലെ പീരുമേട് ടീ എസ്റ്റേറ്റ് കഴിഞ്ഞ ഏഴുമാസമായി അടച്ചുപൂട്ടി കിടക്കുകയാണ്. ഔദ്യോഗികമായി ലോക്കൗട്ടില്ല. തൊഴിലാളിക്ക് ജോലി കിട്ടുന്നില്ല. അങ്ങ് തന്നെ കോൺഫറൻസ് വിളിച്ചുകൂട്ടി ഒത്തുതീർപ്പിനു ശ്രമിച്ചെങ്കിലും വിജയിച്ചിട്ടില്ല. ഈ തോട്ടം തുടർന്നും പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തൊഴിലാളികൾക്ക് പട്ടിണി ഒഴിവാക്കാൻ സൗജന്യറേഷൻ അനുവദിക്കാനും തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അവിടത്തെ തൊഴിലാളി പ്രതിനിധികളും മാനേജ്മെന്റുമായി ചർച്ച നടന്നെങ്കിലും വിജയിച്ചില്ല. പുതിയൊരു പ്രോജക്ട് തയ്യാറാക്കി വരാമെന്ന് മാനേജ്മെന്റ് സമ്മതിച്ചിരുന്നെങ്കിലും പിന്നീട് വിളിച്ചിട്ട് വന്നില്ല. ഒരു കോൺഫറൻസ് കൂടി വിളിക്കുന്നുണ്ട്. അതിൽ തീരുമാനമാകുമോയെന്ന് നോക്കാം.

ശ്രീമതി ആർ. ലതാദേവി : പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് വളരെ സമഗ്രമായ ഒരു റിപ്പോർട്ട് അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി ഈ സഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : കാലാകാലങ്ങളിൽ ഇങ്ങനെ നിയോഗിക്കപ്പെടുന്ന കമ്മിറ്റികളുടെ റിപ്പോർട്ടിന്റേയും ഏകാംഗകമ്മിഷനായ ശ്രീ. എം. പി. മേനോൻ കമ്മീഷൻ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലാണ് തോട്ടം മേഖല പ്രവർത്തിക്കുന്നത്. ഇന്നീ മേഖല ഒരു പ്രതിസന്ധിയിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഉദാരവല്ക്കരണ-ഇറക്കുമതി നയങ്ങളാണ് ആ പ്രതിസന്ധിക്ക് കാരണം. അതുകൊണ്ട് ഈ മേഖലയുടെ നിലനിൽപ്പ് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ശ്രീ. എ. കെ. മണി : പ്ലാന്റേഷൻ മേഖല തകരുമ്പോൾ കേരളത്തിന്റെ സാമ്പത്തികമേഖലയും തകരും. സംസ്ഥാന ഗവൺമെന്റിന്റെ അനാസ്ഥമൂലം തോട്ടം തൊഴിലാളികൾ പട്ടിണിയിലേക്ക് നീങ്ങുകയാണ്. ഇറക്കുമതിച്ചുങ്കം 30 ശതമാനത്തിൽ നിന്നും 150 ശതമാനം ആയി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. അതിന് തോട്ടം മേഖലയിലെ എം.എൽ.എ.മാരുടെ പ്രത്യേകയോഗം വിളിച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കണമെന്ന് എം.പി.മാരെക്കൊണ്ടുതന്നെ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. തോട്ടം മേഖലയിലെ ഗുരുതരമായ പ്രതിസന്ധി കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വ്യവസായം ഇന്ന് ഗുരുതരമായ പ്രതിസന്ധിയിലാണെന്നതിൽ സംശയമില്ല. ട്രേഡ് യൂണിയൻ നേതാക്കളുമായി ഇതുസംബന്ധിച്ച് ചർച്ച ആരംഭിച്ചുകഴിഞ്ഞു. അതിനുശേഷം തോട്ടം മേഖലയിലെ എം.എൽ.എ.മാരുടെ യോഗം വിളിച്ചു കൂട്ടുന്ന കാര്യം പരിശോധിക്കുന്നതാണ്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വം

4 (*34) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എ. വി. അബ്ദു റഹിമാൻ ഹാജി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് പരിശോധിക്കുവാൻ നിയോഗിച്ച സംസ്ഥാന പ്രതിനിധി സംഘത്തിൽ എത്ര സാങ്കേതിക വിദഗ്ദ്ധർ ഉണ്ടായിരുന്നു ; അവർ ആരെല്ലാം ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത അണക്കെട്ടിന്റെ ഉയരം കൂട്ടുന്നതുമൂലം സംസ്ഥാനത്തിന് ഉണ്ടാകാനിടയുള്ള ഭീഷണി കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് പഠിക്കുവാൻ സംസ്ഥാന സർക്കാർ സാങ്കേതിക വിദഗ്ദ്ധരടങ്ങിയ ഏതെങ്കിലും സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം ; വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) 1996-ലും 1998-ലും ഓരോ സാങ്കേതിക സമിതിയെ ഇതിനായി നിയോഗിച്ചിരുന്നു. 1996-ലെ സമിതിയിൽ സംസ്ഥാന വൈദ്യുതിബോർഡിൽ നിന്നും സിവിൽ മെമ്പറായി വിരമിച്ച ശ്രീ. എം. കെ. പരമേശ്വരൻ നായർ, ജലസേചനവകുപ്പിലെ ചീഫ് എൻജിനീയർ ശ്രീ. പി. ആർ. സഹസ്രനാമൻ എന്നിവരായിരുന്നു അംഗങ്ങൾ. 1998-ലെ സമിതിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. അന്തർസംസ്ഥാന നദീജലം സംബന്ധിച്ച് സർക്കാർ ഉപദേശകനും എക്സ് ഒഫിഷ്യോ സെക്രട്ടറിയുമായ ശ്രീ. വി. എം. വത്സലൻ
2. ശ്രീ. എം. കെ. പരമേശ്വരൻ നായർ
3. ചീഫ് എൻജിനീയർ (ഐ. ആന്റ് എ), ശ്രീ. കെ. ശശിധരൻ

LIBRARY ARCHIVES Kerala Legislative Assembly